പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.163 10.3.2020 ൽ മറുപടിയ്ക്ക്

## കുട്ടികളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിന് നടപടി

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.രാജു എബ്രഹാം

ശ്രീ.ബി.സത്യൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽത്തന്നെ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാന സർക്കാർ ആധുനിക സൗകര്യങ്ങളോടു കൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്ത പദ്ധതിയായി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പതിനാല് ജില്ലകളിലും ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) പതിനാല് ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സാങ്കേതിക അനുമതിയോടെ സമർപ്പിച്ച തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, എന്നീ 9 ജില്ലകളിലെ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി 2725 ലക്ഷം രൂപ ബന്ധപ്പെട്ട പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. ഇതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇവ 2020 ൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളായി പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇടുക്കി, കാസർഗോഡ് ജില്ലകളിലെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത ശീർഷകത്തിന്റെ DDO ആയ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ കെട്ടിട |

| | |
|---|---|
| | വിഭാഗത്തിന് നിർമ്മാണം ആരംഭിക്കുന്നതിനായി നിർദ്ദേശം നൽ കിയിട്ടുണ്ട്. സ്ഥലം ലഭ്യമായ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, എന്നീ ജില്ലകളിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിൽ അനുവദിച്ച സ്ഥലം സൗകര്യപ്രദമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്ന നടപടികൾ പൂർത്തിയായി വരുന്നു. നിലവിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ കൂടാതെ സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ(തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജനൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിലും തീരദേശ മേഖലകളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ? | (സി) പട്ടികജാതി പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും ഏർളി ഇന്റർവെൻഷൻ കം ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റുകൾ ആരംഭിക്കുക എന്നത് അനുയാത്ര പദ്ധതിയുടെ ഭാഗമാണ്. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഇത്തരം ഒരു ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ചർച്ചകൾ നടന്നുവരുന്നു. |

Jasmin Thomas

സെക്ഷൻ ഓഫീസർ